## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം **നം.5677** **02.07.2019 -ൽ മറുപടിയ്ക്ക്**

## ഓപ്പറേഷൻ ബഗീര

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിന്റെ ഇരുപത്തിയെട്ട് തടി ഡിപ്പോകളിലും ചന്ദന ഡിപ്പോകളിലും വിജിലൻസ് വിഭാഗം ഓപ്പറേഷൻ ബഗീര എന്ന പേരിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായോ; | (എ) വനം വകുപ്പിന്റെ തടി ഡിപ്പോകളിലും ചന്ദന ഡിപ്പോകളിലും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വിഭാഗം 22.02.2019 – ൽ "ഓപ്പറേഷൻ ബഗീര" എന്ന പേരിൽ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്. |
| (ബി) ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്ത തുക പരിശോധനയിൽ കണ്ടെത്തുകയുണ്ടായോ; യഥാസമയം ഡ്യൂട്ടിയ്ക്ക് ഹാജരാകാത്ത ജീവനക്കാരുണ്ടെന്ന് പ്രസ്തുത പരിശോധനയിൽ ബോധ്യപ്പെട്ടിരുന്നോ; ലേലം ചെയ്ത ശേഷം ഡിപ്പോയിൽ നിന്ന് മാറ്റാത്ത തടികൾ, ലേലം ചെയ്യാതെ ഡിപ്പോയിൽ കെട്ടിക്കിടന്ന് നശിച്ച തടികൾ എന്നിവ | (ബി) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന സംബന്ധിച്ച് വനം വകുപ്പിന് ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്ത തുക പരിശോധനയിൽ കണ്ടെത്തിയതായി പരാമർശിച്ചിട്ടില്ല. തലക്കോട് ഗവൺമെന്റ് തടി ഡിപ്പോയിലെ ക്ലർക്കും, ഡിപ്പോ വാച്ചറും പരിശോധനാ വേളയിൽ ഓഫീസിൽ ഹാജരുണ്ടായിരുന്നില്ല. കൂടാതെ ബാവലി സർക്കാർ തടി ഡിപ്പോ ഓഫീസർ ഹാജരില്ലായെന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | |
|---|---|
| പരിശോധനയിൽ കണ്ടെത്തുക യുണ്ടായോ; വിശദാംശം നൽകുമോ; | എന്നാൽ ബാവലി ഡിപ്പോയിൽ ഡിപ്പോ ഓഫീസറുടെ തസ്തിക ഇല്ലാത്തതും കുപ്പാടി സർക്കാർ തടി ഡിപ്പോ ഓഫീസർക്ക് ബാവലി ഡിപ്പോയുടെ അധികച്ചുമതല നൽകിയിരിക്കുകയാണെന്നും പരിശോധനാവേളയിൽ തന്നെ വിജിലൻസിനെ അറിയിച്ചിട്ടുള്ളതാണ്. തലക്കോട് സർക്കാർ തടി ഡിപ്പോയിൽ ശ്രീമതി. അംബിക കെ.എസ്., താജ് ടിംബർ, പെരിമ്പല്ലിശ്ശേരി എന്നയാൾ ലേലത്തിൽ വിളിക്കുകയും എന്നാൽ ലേല തുക പൂർണ്ണമായി അടയ്ക്കുന്നതിന് പരാജയപ്പെട്ടതിനാൽ തടികൾ ഡിപ്പോയിൽ നിന്ന് മാറ്റിയിട്ടില്ലായെന്ന് വിജിലൻസ് പരിശോധനാവേളയിൽ കണ്ടെത്തിയിട്ടുണ്ട്. ലേലം ചെയ്യാതെ തടികൾ ഡിപ്പോയിൽ കെട്ടിക്കിടന്ന് നശിക്കുന്നതായി പരിശോധനാ റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല. |
| (സി) വനം വകുപ്പ് ഉദ്യോഗസ്ഥരും ഇടനിലക്കാരും ഒത്തുചേർന്നുള്ള ക്രമരഹിതമായ നടപടികളിലൂടെ സർക്കാരിന് ഭീമമായ നഷ്ടം വരുത്തുന്നതായി കണ്ടെത്തുക യുണ്ടായോ; | (സി) വനം വകുപ്പ് ഉദ്യോഗസ്ഥരും ഇടനിലക്കാരും ഒത്തുചേർന്നുള്ള ക്രമരഹിതമായ നടപടികളിലൂടെ സർക്കാരിന് നഷ്ടം വരുത്തുന്നതായി പരിശോധനയിൽ കണ്ടെത്തി യിട്ടില്ല. |
| (ഡി) എങ്കിൽ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വസ്തുതകളും സ്വീകരിച്ച നടപടികളും വിശദമാക്കുമോ? | (ഡി) വിജിലൻസിന്റെ പരിശോധനയിൽ വനം വകുപ്പിന് ലഭിച്ച റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ പ്രകാരം ആയവ വിശദമായി പരിശോധിച്ച് കഴമ്പുണ്ടെങ്കിൽ ആവശ്യമായ |

തുടർനടപടികൾ സ്വീകരിക്കുവാനും, പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നവ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കും ബന്ധപ്പെട്ട സർക്കിൾ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ